**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2336** **30-07-2021 - ൽ മറുപടിയ്ക്ക്**

**തെയ്യം കലാ അക്കാദമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എൻ.ഷംസീർ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | തലശ്ശേരി മണ്ഡലത്തിൽ പുതുതായി അനുവദിച്ച തെയ്യം കലാ അക്കാദമി ആസ്ഥാനമാക്കി അക്കാഡമിയുടെ പ്രവർത്തനമേഖല വിപുലപ്പെടുത്തുന്നത് സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; | (എ) | 2018-19 വർഷത്തെ ബജറ്റ് എസ്റ്റിമേറ്റ്സിൽ തെയ്യംകലാ അക്കാദമി, സ്ഥാപിക്കുന്നതിനായി 25 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ചൊക്ലി ഗ്രാമപഞ്ചായത്തിനാണ് പദ്ധതിയുടെ നിർവ്വഹണ ചുമതല. തെയ്യംകലാ അക്കാദമി സ്ഥാപിക്കുന്നതിനായി 25 ലക്ഷം രൂപ ചൊക്ലി ഗ്രാമപഞ്ചായത്തിന് അനുവദിച്ചു നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തെയ്യം കലാ അക്കാദമി തലശ്ശേരി ചൊക്ലി നിടുമ്പ്രം മുത്തപ്പൻ മഠപ്പുരയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു. തെയ്യം, തിറ, തെയ്യത്തിൽ നിന്നും പ്രചോദനമുൾക്കൊണ്ട ഇതര കലകൾ എന്നിവയുടെ പ്രചാരണം, സംരക്ഷണം, ഗവേഷണം, ടി കലകൾക്ക് ദേശീയ അന്തർദേശീയ തലത്തിൽ പ്രചാരണം നൽകുക, പൈതൃക കലകൾക്ക് യുനെസ്കോ പോലുള്ള സ്ഥാപനങ്ങളുടെ അംഗീകാരം ലഭ്യമാക്കുക, ഹെരിറ്റേജ് കലാരൂപങ്ങൾക്ക് അന്തർദേശീയ വിനിമയ കേന്ദ്രമുണ്ടാക്കുക, ടി രംഗത്തുള്ള കലാകാരന്മാരുടെ ക്ഷേമം ഉറപ്പു വരുത്തുക, തെയ്യം ആർട്ട് ഗാലറി, തെയ്യം വില്ലേജ് എന്നിവ സ്ഥാപിക്കുക എന്നീ ലക്ഷ്യങ്ങളാണ് തെയ്യം കലാ അക്കാദമിയിലൂടെ കൈവരിക്കുവാൻ പഞ്ചായത്ത് ഉദ്ദേശിക്കുന്നത്. കൂടാതെ, വിദേശികളായ സഹൃദയർക്ക് കളരിപ്പയറ്റ്, വംശീയ ചികിത്സാ എന്നിവ പഠിക്കുവാനും സർട്ടിഫിക്കറ്റ് കോഴ്സ് ഉൾപ്പടെ നൽകുന്നതിനുള്ള കേന്ദ്രങ്ങൾ സ്ഥാപിക്കാനുമായി തെയ്യം കലാ അക്കാദമിയെ സെന്റർ ഫോർ ടാൻജിബിൾ ആന്റ് ഇൻടാൻജിബിൾ ഹെരിറ്റേജ് ആക്കുന്നതിനുള്ള സാധ്യതയും ചൊക്ലി ഗ്രാമപഞ്ചായത്ത് പരിശോധിച്ച് വരുന്നു. |
| (ബി) | ഉണ്ടെങ്കിൽ ആയതിന് വേണ്ടി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്? | (ബി) | 2018-19 വർഷത്തെ ബജറ്റ് എസ്റ്റിമേറ്റ്സിൽ തെയ്യംകലാ അക്കാദമി, സ്ഥാപിക്കുന്നതിനായി 25 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ചൊക്ലി |

| | | | |
|---|---|---|---|
| | | | ഗ്രാമപഞ്ചായത്തിനാണ് പദ്ധതിയുടെ നിർവ്വഹണ ചുമതല. തെയ്യംകലാ അക്കാദമി സ്ഥാപിക്കുന്നതിനായി 25 ലക്ഷം രൂപ ചൊക്ലി ഗ്രാമപഞ്ചായത്തിന് അനുവദിച്ചു നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തെയ്യം കലാ അക്കാദമി തലശ്ശേരി ചൊക്ലി നിടുമ്പ്രം മുത്തപ്പൻ മഠപ്പുരയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു. തെയ്യം, തിറ, തെയ്യത്തിൽ നിന്നും പ്രചോദനമുൾക്കൊണ്ട ഇതര കലകൾ എന്നിവയുടെ പ്രചാരണം, സംരക്ഷണം, ഗവേഷണം, ടി കലകൾക്ക് ദേശീയ അന്തർദേശീയ തലത്തിൽ പ്രചാരണം നൽകുക, പൈതൃക കലകൾക്ക് യുനെസ്കോ പോലുള്ള സ്ഥാപനങ്ങളുടെ അംഗീകാരം ലഭ്യമാക്കുക, ഹെരിറ്റേജ് കലാരൂപങ്ങൾക്ക് അന്തർദേശീയ വിനിമയ കേന്ദ്രമുണ്ടാക്കുക, ടി രംഗത്തുള്ള കലാകാരന്മാരുടെ ക്ഷേമം ഉറപ്പു വരുത്തുക, തെയ്യം ആർട്ട് ഗാലറി, തെയ്യം വില്ലേജ് എന്നിവ സ്ഥാപിക്കുക എന്നീ ലക്ഷ്യങ്ങളാണ് തെയ്യം കലാ അക്കാദമിയിലൂടെ കൈവരിക്കുവാൻ പഞ്ചായത്ത് ഉദ്ദേശിക്കുന്നത്. കൂടാതെ, വിദേശികളായ സഹൃദയർക്ക് കളരിപ്പയറ്റ്, വംശീയ ചികിത്സാ എന്നിവ പഠിക്കുവാനും സർട്ടിഫിക്കറ്റ് കോഴ്സ് ഉൾപ്പെടെ നൽകുന്നതിനുള്ള കേന്ദ്രങ്ങൾ സ്ഥാപിക്കാനുമായി തെയ്യം കലാ അക്കാദമിയെ സെന്റർ ഫോർ ടാൻജിബിൾ ആന്റ് ഇൻടാൻജിബിൾ ഹെരിറ്റേജ് ആക്കുന്നതിനുള്ള സാധ്യതയും ചൊക്ലി ഗ്രാമപഞ്ചായത്ത് പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ